ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെകീഴിൽ സ്ഥാപനങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. ഇപ്പോൾ തന്നെ വിവിധ തലങ്ങളിലുള്ള 178 സ്ഥാപനങ്ങൾ സജീവമായി പ്രവർത്തിച്ചു വരുന്നു.

(ബി) ഒരു പഞ്ചായത്തിൽ എത്ര മൃഗസംരക്ഷണ ഉപകേന്ദ്രങ്ങൾ വീതം എന്നതിന് പ്രത്യേക നിർദ്ദേശങ്ങൾ ഒന്നും തന്നെപുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 500 പ്രജനന ക്ഷമതയുള്ളകന്നുകാലികൾക്ക് ഒരു കൃത്രിമ ബീജധാന ഉപകേന്ദ്രം വീതം തുടങ്ങണമെന്നാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇത് പരിഹരിക്കുന്നതിന് സജ്ജമാക്കുന്ന കൃത്രിമ ബീജധാനകേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പാൽ, മാംസം, മുട്ട എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ

143(1400) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാൽ, മാംസം, മുട്ട എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഇതിന്റെ ഫലമായി പ്രസ്തുത ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനത്തിൽ എന്തു വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ വർഷാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. അയൽ സംസ്ഥാനങ്ങളിൽ നിന്നും മികച്ച ഇനം കറവപ്പശുക്കളെ കൊണ്ടുവരുന്ന നടപടി.

2. ക്ഷീരോല്പാദന വർദ്ധനവിനായി നടപ്പ് സാമ്പത്തിക വർഷം മൃഗ സംരക്ഷണ വകുപ്പ് ക്ഷീര സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(i) പശു,എരുമ സംയോജിത പദ്ധതി (ക്ഷീരഗംഗ)

(ii) പശു, ആട് സംയോജിത പദ്ധതി- വനിതാ സ്വയം സംരംഭകർക്ക് ഒരു പശുവും രണ്ട് ആടും വീതം നൽകുന്ന പദ്ധതി.

(iii) പത്തിലധികം പശുക്കളെ വളർത്തുന്ന കർഷകർക്ക് തൊഴുത്ത് നവീകരണത്തിനായി ഗുണഭോക്താവ് ഒന്നിന് ഒരു ലക്ഷം രൂപ വീതം സഹായ ധനം നൽകുന്ന പദ്ധതി.

(iv) കർഷകരുടെ ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരുകോടി രൂപ വിനിയോഗിക്കുന്ന പദ്ധതി.

(v) ജീവരേഖ-സംയോജിത കന്നുകാലി വികസന പരിപാടി.

3. കന്നുകാലി പ്രജനന പ്രവർത്തനങ്ങൾ.

4. കന്നുകാലികളുടെ ആരോഗ്യ സംരക്ഷണ പരിപാടികൾ.

5. പച്ചപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ്, കെ.എൽ.ഡി.ബോർഡ്, മൃഗസംരക്ഷണ വകുപ്പ് എന്നീ വകുപ്പുകൾ വഴി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

6. ഗുണനിലവാരമുള്ള കാലിത്തീറ്റയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി മിൽമ, കേരള ഫീഡ്സ് തുടങ്ങിയ സഹകരണ/സർക്കാർ കാലിത്തീറ്റ ഉല്പാദന കേന്ദ്രങ്ങളുടെ ഉൽപ്പാദന സംഭരണ ശേഷി വർദ്ധിപ്പിച്ചു. സംസ്ഥാനത്ത് കേരള ഫീഡ്സിന്റെ ആഭിമുഖ്യത്തിൽ പുതിയ കാലിത്തീറ്റ പ്ലാന്റും ഫോഡർ നിർമ്മാണ യൂണിറ്റും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു.

7. കറവപ്പശുക്കൾക്ക് വിര മരുന്നുകൾ ധാതുലവണ മിശ്രിതം എന്നിവ മൃഗസംരക്ഷണ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്നു.

8. മൃഗസംരക്ഷണ വകുപ്പിന്റെയും ക്ഷീരവികസന വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ശാസ്ത്രീയ കന്നുകാലി പരിശീലന സമ്പ്രദായങ്ങളെക്കുറിച്ച് കർഷകർക്ക് അറിവ് പകർന്നു നൽകുന്നതിനായി പരിശീലന പരിപാടികൾ, സെമിനാറുകൾ, പ്രദർശനങ്ങൾ എന്നിവ വ്യാപകമായി നടപ്പിലാക്കി വരുന്നു.

9. കറവപ്പശുക്കളുടെ സംരക്ഷണത്തിനായി പതിനൊന്ന് ജില്ലകളിൽ കേന്ദ്ര സഹായത്തോടെയും കാസർഗോഡ്, മലപ്പുറം, പത്തനംതിട്ട ജില്ലകളിൽ സംസ്ഥാന പദ്ധതി വിഹിതം വിനിയോഗിച്ചും കന്നുകാലികളെ സൗജന്യനിരക്കിൽ ഇൻഷ്വർ ചെയ്യുന്ന ഗോസുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

10. കന്നുകാലി ഫാമുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ കറവപ്പശുക്കളെ വളർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

11. സർക്കാരിന്റെ ഉടമസ്ഥതയിൽ ഹൈടെക് ഡയറി ഫാമുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

12. ഉൽപ്പാദനശേഷി കൂടിയ കറവപ്പശുക്കളെ സൃഷ്ടിക്കുന്നതിന് ഉതകുന്ന കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കി വരുന്നു.

മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള ഫാമുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ മാതൃ-പിതൃ ശേഖരത്തെ വളർത്തി കൂടുതൽ മുട്ടക്കോഴികുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നതിന് നടപടി സ്വീകരിച്ചു. കോഴികളുടെ ആരോഗ്യസംരക്ഷണത്തിനായി അക്സാഡ് പദ്ധതി പ്രകാരം രോഗപ്രതിരോധ കുത്തിവയ്പ് നടത്തി. 2009-2010-ൽ മൃഗസംരക്ഷണ വകുപ്പിന്റെ സംയോജിത കോഴിവളർത്തൽ പദ്ധതിയിൽ കീഴിൽ എല്ലാ ജില്ലകളിലെയും തിരഞ്ഞെടുത്ത ബ്ലോക്കുകളിലെ 416664 ബി.പി.എൽ. കുടുംബങ്ങൾക്ക് 2 കോഴികളെ വീതം വിതരണം ചെയ്തു വരുന്നു. 2010-1011-ൽ 176000 ബി.പി.എൽ. ബി.പി.എൽ കുടുംബങ്ങൾക്ക് 2 കോഴികളെ വീതം വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോന്ദ്രാവിഷ്കൃത പദ്ധതിയായ പിന്നാമ്പുറത്തെ കോഴി വളർത്തൽ പദ്ധതി പ്രകാരം ഒരു ദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെ 45 ദിവസം മുതൽ 60 ദിവസം വരെ വളർത്തി കർഷകർക്ക് ലഭ്യമാക്കുന്നതിനായി 1250 കോഴിക്കുഞ്ഞുങ്ങൾ ഉൾക്കൊള്ളുന്ന 25 മദർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

സംസ്ഥാനത്ത് മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി ഗ്രാമം നിറയെ കോഴി വീട്ടുമുറ്റത്തെ കോഴി, വീട്ടമ്മയുടെ അരുമ കോഴി, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് തുടങ്ങിയ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. കോഴി വളർത്തൽ തൊഴിൽ താത്പര്യമുള്ള കർഷകർക്ക് വേണ്ടി ഇന്റഗ്രേഷൻ പദ്ധതിയും നടപ്പിലാക്കി വരുന്നു.

മൃഗസംരക്ഷണ വകുപ്പ് മാംസത്തിന്റെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(i) ആട്,പന്നി,മുയൽ തുടങ്ങി മാംസത്തിനായി ഉപയോഗിക്കുന്ന മൃഗങ്ങളുടെ വർദ്ധനവിനുള്ള പദ്ധതി

(ii) കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ഇറച്ചിക്കോഴി വളർത്തലിലും കെ.എൽ.ഡി.ബോർഡ്, എം.പി.ഐ. എന്നീ സ്ഥാപനങ്ങൾ ആട്, പന്നി എന്നിവയുടെ ഉൽപ്പാദന വർദ്ധനവിനും നടപടി സ്വീകരിച്ചു.

(iii) കെ.എസ്.പി.ഡി.സി., എം.പി.ഐ. എന്നീ സ്ഥാപനങ്ങൾ മാംസ വിപണനത്തിലും ഏർപ്പെട്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2006-2007-ൽ പാലുല്പാദനം 21.02 ലക്ഷം ടൺ ആയിരുന്നത് 2009-2010-ൽ 25.85 ലക്ഷം ടണ്ണായി വർദ്ധിച്ചു. മുട്ടയുല്പാദനം 2006-07-ൽ 119.39 കോടി എണ്ണം ആയിരുന്നത് 2009-10-ൽ 160.6 കോടിയായി വർദ്ധിച്ചു. മാംസ ഉല്പാദനം 2006-07-ൽ 195.37 മെട്രിക് ടൺ ആയിരുന്നത് 2009-2010-ൽ 219 മെട്രിക് ടൺ ആയും വർദ്ധിച്ചു.

(സി) പാൽ,മുട്ട,മാംസം എന്നിവയുടെ ഉല്പാദനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

വർഷം	പാലുല്പാദനം (ലക്ഷം ടൺ)	മുട്ടയുല്പാദനം (കോടി എണ്ണം)	മാംസോൽപ്പാദനം (ആയിരം ടൺ)
2006-07	21.02	119.39	198.37
2007-08	22.48	137.92	205.21
2008-09	24.53	150.66	206.42
2009-10	25.85	160.80	219.00

വെറ്ററിനറി സർവ്വകലാശാലയുടെകീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകൾ

144(1401) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വെറ്ററിനറി സർവ്വകലാശാല എത്തെല്ലാം ഡിഗ്രികളാണ് ഈ അദ്ധ്യയനവർഷം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എത്തെല്ലാം ഡിഗ്രി കോഴ്സുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സർവ്വകലാശാലയുടെകീഴിൽ നടത്തുന്ന കോഴ്സുകൾക്കും, നൽകുന്ന ഡിഗ്രികൾക്കും കേന്ദ്ര വെറ്ററിനറി കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) അംഗീകാരമില്ലാത്ത കോഴ്സുകൾ പഠിക്കുന്നതുകൊണ്ട് വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ എത്തെല്ലാമെന്ന് വിശദമാക്കുമോ;

(എഫ്) സർവ്വകലാശാലയുടെകീഴിൽ നടത്തുന്ന കോഴ്സുകളെ സംബന്ധിച്ചും നൽകുവാൻ ഉദ്ദേശിക്കുന്ന ഡിഗ്രികളെ സംബന്ധിച്ചുമുള്ള റിപ്പോർട്ട് വെറ്ററിനറി കൗൺസിലിന്റെ അംഗീകാരത്തിന് അയച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly